ഭരണഭാഷ – മാതൃഭാഷ

കേരള സർക്കാർ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്

സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ

തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526

വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: dpl.pdlsgd@kerala.gov.in

No.LSGD/PD/23615/2025-DPLB2 തീയതി: 17-09-2025

പ്രിൻസിപ്പൽ ഡയറക്ടർ

എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും

സർ,

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -മലയാളം കമ്പ്യൂട്ടിംഗ്- പൂർണ്ണ കീബോർഡ് ഉപയോഗിക്കുന്നത്- സംബന്ധിച്ച്

സൂചന: കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 03.03.2025 ലെ LSGD/JD/KKD/638/2025-E3 നം കത്ത്

മലയാളത്തിൽ തെറ്റുകളും പിഴവുകളും കൂടാതെ ടൈപ്പ് ചെയ്യുന്നതിനു പര്യാപ്തമായി വികസിപ്പിച്ചെടുത്ത പൂർണ്ണ കീബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിധിയിലുള്ള മറ്റു ഓഫീസുകളിലും പ്രചരിപ്പിക്കുന്നതിനു വേണ്ട മേൽ നടപടി സ്വീകരിക്കണമെന്നു അപേക്ഷിച്ചു കൊണ്ട് പനങ്ങാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.ജെയ്സൻ എൻ ഡി എന്നവർ കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിക്കുകയുണ്ടായി. ടി അപേക്ഷ പരിശോധിച്ചതിൽ സ്വതന്ത്ര മലയാളം കംപ്യൂ ട്ടിംഗ് എന്ന സ്ഥാപനം വിവിധ സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ മലയാള ഭാഷയിലുള്ള പുരോഗതിക്കും, പ്രാദേശികവത്കരണത്തിനും, ഏകീകരണത്തിനും പ്രചരണത്തിനും വേണ്ടി പ്രവർത്തിയ്ക്കുന്ന സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മയാണ് മലയാള ഭാഷയിലുള്ള ടൈപ്പിംഗ് സുഗമമാക്കാൻ ടി കൂട്ടായ്മ തയ്യാറാക്കിയ സൌജന്യമായി ലഭിക്കുന്ന

പൂർണ്ണ കീ-ബോർഡ് ടൂൾ നിലവിൽ ഐ.ടി.@സ്കൂൾ തുടങ്ങിയ ഏജൻസികൾ ഫലപ്രദമായി ഉപയോഗിച്ചു വരുന്നുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം ഉള്ള ഫോണ്ടുകൾ ഉപയോഗിച്ച് പൂർണ്ണ കീബോർഡ് (https://poorna.smc.org.in) എല്ലാ ജീവനക്കാർക്കും ആവശ്യമെങ്കിൽ സൌജന്യമായി ഉപയോഗിക്കാനാകും എന്നുള്ള നിർദ്ദേശം തദ്ദേശസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്.

വിശ്വസ്തതയോടെ,

Josnamol S
JOINT DIRECTOR
പ്രിൻസിപ്പൽ ഡയറക്ടർക്ക് വേണ്ടി

Signed by
Josnamol S
Date: 17-09-2025 18:56:17